നംപർ:ഡി.റ്റി.പി.സി/ ജി– 530/2019–2020 27/11/2019

# <u>വസന്തോത്സവം – 2019 –2020 (11 –20 ജനുവരി 2019)</u>
# <u>ദർഘാസ്</u>

വസന്തോത്സവം – 2019 നോടനുബന്ധിച്ച് തിരുവനന്തപുരം സൂര്യകാന്തിയിലെ ഫുഡ് ഫെസ്റ്റിവൽ നടക്കുന്ന തട്ടിൽ 5000 സ്ക്വയർ ഫീറ്റ് സ്ഥലത്ത് കുട്ടികൾക്കായി ശബ്ദ രഹിതവും അപകടരഹിതമായ അമ്യൂസ്മെന്റ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് ദർഘാസ് വഴി കരാറുകാരനെ തിരഞ്ഞെടുക്കുന്നു.

നിർദ്ദേശങ്ങളും നിബന്ധനകളും ഉൾക്കൊള്ളുന്ന ടെണ്ടർ ഫോം 2019 ഡിസംബർ 5–ാം തീയതി ഉച്ചയ്ക്ക് 2 മണി വരെ തിരുവനന്തപുരം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ വെള്ളയമ്പലത്തുള്ള ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ദർഘാസുകൾ അന്നേ ദിവസം 3 മണിയ്ക്ക് തുറക്കുന്നതും തീർപ്പ് കല്പിക്കുന്നതുമാണ്.

(ഒപ്പ്)

ചീഫ് കോർഡിനേറ്റർ, വസന്തോത്സവം 2019

&

സെക്രട്ടറി

ജില്ല ടൂറിസം പ്രമോഷൻ കൗൺസിൽ

തിരുവനന്തപുരം

**<u>വസന്തോത്സവം – 2019 (21-12-2019 മുതൽ 03-1-2019)</u>**
**<u>കുട്ടികളുടെ അമ്യൂസ്മെന്റ് ഇനങ്ങൾ നടത്തിപ്പിനായുള്ള ദർഘാസ്</u>**

| | |
|---|---|
| ഏറ്റവും കുറഞ്ഞ ദർഘാസ് തുക | : 3,00,000/- (രൂപ മൂന്ന് ലക്ഷം മാത്രം) |
| നിരതദ്രവ്യം രൂപ | : 25,000/- (രൂപ ഇരുപത്തി അയ്യായിരം മാത്രം) |
| കാലയളവ് | : 2019 ഡിസംബർ 21 മുതൽ 2020 ജനുവരി 3 വരെ |
| നിശ്ചയിച്ചിട്ടുള്ളസ്ഥലം | : കനകകുന്ന് സൂര്യകാന്തിയിൽ ഫുഡ്ഫെസ്റ്റിവൽ വേദിയ്ക് സമീപമുള്ള 5000 സ്ക്വയർ ഫീറ്റ് സ്ഥലം |
| ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും | : 2019 ഡിസംബർ 5 ഉച്ചയ്ക്ക് 2 മണി വരെ |
| ടെണ്ടർ തുറക്കുന്ന തീയതിയും സമയവും | : 2019 ഡിസംബർ 5 ഉച്ചയ്ക്ക് 3 മണി |
| ടെണ്ടർ തുറക്കുന്ന സ്ഥലം : | ഡി.റ്റി.പി.സി ഓഫീസ്, വെള്ളയമ്പലം, തിരുവനന്തപുരം |
| വിവരങ്ങൾക്കായി ബന്ധപ്പെടേണ്ടത് | : ചീഫ് കോർഡിനേറ്റർ, വസന്തോത്സവം – 2019 |

&
സെക്രട്ടറി
ജില്ല ടൂറിസം പ്രമോഷൻ കൗൺസിൽ,
തിരുവനന്തപുരം
ഫോൺ: 0471 – 2315397

## വസന്തോത്സവം – 2019 – 2020

കനക്കുന്ന് സൂര്യകാന്തിയിൽ 2019 ഡിസംബർ 21 മുതൽ 2020 ജനുവരി 3 വരെ സംഘടിപ്പിക്കുന്ന വസന്തോത്സവത്തിൽ കുട്ടികൾക്കായി അമ്യൂസ്മെന്റ് ഇനങ്ങൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന്റെ ദർഘാസ്

## ദർഘാസ് നോട്ടീസ്
## ദർഘാസ്

വസന്തോത്സവം – 2019 – 2020 നോടനുബന്ധിച്ച് കുട്ടികൾക്കായി ശബ്ദരഹിതവും അപകട രഹിതവുമായ അമ്യൂസ്മെന്റ് ഇനങ്ങൾ നടത്തുന്നതിലേക്കായി മുൻപരിചയമുള്ള വ്യക്തികളിൽ/ സ്ഥാപനങ്ങളിൽ നിന്നും ദർഘാസുകൾ ക്ഷണിക്കുവാൻ വസന്തോത്സവം കമ്മിറ്റി തീരുമാനിച്ചിരിക്കുന്നു. മുൻപരിചയമു ള്ളവർ മാത്രമേ കരാറിൽ പങ്കെടുക്കേണ്ടതുള്ളൂ. മുൻപരിചയമില്ലാത്ത വരുടെ ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല. മുൻപരിചയത്തിന്റെ രേഖകൾ ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ രേഖയിൽ ടെണ്ടറുകാരൻ എന്ന് രേഖപ്പെടുത്തിയിരിക്കുന്ന ഇടങ്ങളിൽ ഉദ്ദേശിക്കുന്നത് ഈ ടെണ്ടർ നടപടിയിൽ പങ്കെടുത്ത് വസന്തോത്സവ കമ്മിറ്റിയുമായി കരാർ ഉറപ്പിച്ച വ്യക്തിയോ/ സംഘടനയോ എന്നാകുന്നു.

## അമ്യൂസ്മെന്റ് പാർക്ക് നടത്തിപ്പ് വ്യവസ്ഥകൾ

1. കരാറുകാരൻ അമ്യൂസ്മെന്റ് ഇനങ്ങൾ നടത്തുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ ബാദ്ധ്യസ്ഥനാണ്
2. 2019 ഡിസംബർ 21 മുതൽ 2020 ജനുവരി 3 വരെ തീയതികളിൽ രാവിലെ 10 മണി മുതൽ രാത്ര 9 മണിവരെ മാത്രമേ പ്രവർത്തനം അനുവദിക്കുകയുള്ളു.
3. സൂര്യകാന്തിയിൽ അനുവദനീയമായ നിശ്ചിത സ്ഥലത്ത് മാത്രമേ അമ്യൂസ്മെന്റ് ഇനങ്ങൾ പ്രവർത്തിപ്പിക്കാൻ പാടുള്ളു. അപേക്ഷകൻ സ്ഥലം നേരത്തെ തന്നെ നേരിൽ പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്.
4. ചൂതുകളി മത്സര വിഭാഗങ്ങളിലുള്ള ഇനങ്ങളോ പക്ഷി മൃഗാദികളെയോ പ്രദർശിപ്പിക്കാൻ പാടുള്ളതല്ല.
5. നിശ്ചിത സ്ഥലത്ത് ഉൾക്കൊള്ളാവുന്നതും അപകടരഹിതവും ശബ്ദ രഹിതവുമായി പ്രവർത്തിപ്പിക്കാൻ കഴിയുന്ന ഇനങ്ങൾ മാത്രമേ അമ്യൂസ് മെന്റ് പാർക്കിൽ ഉൾപ്പെടുത്താവൂ.
6. ഓരോ ഇനത്തിനും ഈടാക്കുന്ന ടിക്കറ്റ് നിരക്ക് എഴുതി പ്രദർശിപ്പിക്കേണ്ടതാണ്. ടി നിരക്കുകൾ 2019 ഡിസംബർ 20–ാം തീയതി വൈകുന്നേരം 3 മണിയ്ക്ക്

മുൻപ് ചീഫ് കോർഡിനേറ്റർ, വസന്തോത്സ വത്തെ രേഖാമൂലം അറിയിച്ച് അനുവാദം വാങ്ങേണ്ടതാണ്.

7. അമ്യൂസ്മെന്റ് ഇനങ്ങളുടെ നടത്തിപ്പിനായി സിറ്റി കോർപ്പറേഷൻ പരിധിയിൽ വരുന്നതോ മറ്റേതെങ്കിലും തരത്തിലുള്ളതോ ആയ നികുതികൾ കരാറുകാരൻ നേരിട്ട് കൊടുക്കേണ്ടതും ആയത് ചീഫ് കോർഡി നേറ്റർ, വസന്തോത്സവത്തെ രേഖാമൂലം പകർപ്പുകളോടെ അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ടി അമ്യൂസ്മെന്റ് ഇനങ്ങൾ നടത്തുവാൻ അനുവാദം നൽകുന്നതല്ല. നിലവിലുലെ വ്യവസ്ഥ പ്രകാര മുള്ള നികുതി കരാറുകാരൻ സ്വന്തം നിലയിൽ ഒടുക്കേണ്ടതാണ്.
8. സാമഗ്രികൾ സ്ഥാപിക്കുമ്പോഴും പ്രവർത്തിക്കുമ്പോഴും നീക്കം ചെയ്യു മ്പോഴും സൂര്യകാന്തി വക സ്ഥാവര ജംഗമ വസ്തുക്കൾക്ക് യാതൊരു വിധ കേടുപാടുകളും നഷ്ടവും വരുത്താൻ പാടുള്ളതല്ല. ടി സംഗതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സൂര്യകാന്തി വക സ്ഥാവര ജംഗമ വസ്തുക്കൾക്ക് ഏതെങ്കിലും വിധത്തിൽ കേടുപാടുകളോ നഷ്ടമോ സംഭവിച്ചാൽ കരാറുകാരിൽ നിന്നും ടി ബാധ്യതകൾ വസൂലാക്കുന്ന തായിരിക്കും. അമ്യൂസ്മെന്റ് ഇനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള വൈദ്യുതി/പവർ/ വെള്ളം കരാറുകാരൻ സ്വന്തം ചെലവിൽ ഏർപ്പെടുത്തേ ണ്ടതാണ്.
9. സൂര്യകാന്തിയിൽ ടി. സംഗതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കോ അമ്യൂസ്മെന്റ് പാർക്ക് നടത്തിപ്പുകാർക്കോ തൊഴിലാളികൾക്കോ ഉണ്ടായേക്കാവുന്ന അപകടങ്ങൾ, ജീവഹാനി, തീപിടുത്തം, മോഷണം തുടങ്ങി മറ്റ് അപകടങ്ങൾക്കും അസൗകര്യങ്ങൾക്കും വസന്തോത്സവം കമ്മിറ്റിക്കോ, സർക്കാരിനോ, ടൂറിസം വകുപ്പിനോ, ഈ കമ്മിറ്റിയിൽ ഉള്ള ആർക്കും തന്നെ യാതൊരു വിധ ഉത്തരവാദിത്വവും ബാധ്യതയും ഉണ്ടായിരിക്കുന്നതല്ലെന്നും ആയവ ഉണ്ടാകുന്നപക്ഷം അമ്യൂസ്മെന്റ് പാർക്ക് നടത്തുന്ന കരാറുകാരനിൽ ഉത്തരവാദിത്വവും എല്ലാ ബാധ്യതയും നിക്ഷിപ്കമായിരിക്കും.
10. അമ്യൂസ്മെന്റ് ഇനങ്ങൾക്ക് കരാറുകാരൻ പ്രത്യേകമായി ഇൻഷുറൻസ് പോളിസി എടുക്കേണ്ടതും പോളിസിയുടെ ഒറിജിനൽ വസന്തോത്സവ കമ്മിറ്റി ഓഫീസിൽ 2019 ഡിസംബർ 18-ാം തീയതി 3 മണിയ്ക്ക് മുൻപ് ഹാജരാക്കേ ണ്ടതുമാണ്.
11. അമ്യൂസ്മെന്റ് ഇനത്തിലെ മാലിന്യങ്ങൾ എല്ലാ ദിവസവും സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതും പരിസരം വൃത്തിയായും വെടിപ്പായും സൂക്ഷിക്കേ ണ്ടതുമാണ്.
12. അമ്യൂസ്മെന്റ് ഇനം നടത്തുന്നതിനാവശ്യമായുള്ള എല്ലാ ആവശ്യ നിർബന്ധിത നിയമങ്ങളും കരാറുകാരൻ പാലിക്കാൻ ബാധ്യസ്ഥനാണ്. ഏതെങ്കിലും ആവശ്യ നിയമങ്ങൾ പാലിച്ചിട്ടില്ല എന്നുള്ള അറിയിപ്പ് ബന്ധപ്പെട്ട വകുപ്പുകൾ വസന്തോത്സവ കമ്മിറ്റിയ്ക്ക് നൽകുകയാണെങ്കിൽ കരാർ റദ്ദ് ചെയ്യൽ നടപടികൾ ഉൾപ്പെടെ മറ്റ് നിയമ നടപടികളും സ്വീകരിക്കുവാൻ വസന്തോത്സവ കമ്മിറ്റിയ്ക്ക് അധികാരമുണ്ടായിരിക്കും.
13. അമ്യൂസ്മെന്റ് ഇനം നിശ്ചിയിച്ചിരിക്കുന്ന ദിവസങ്ങൾക്ക് (2019 ഡിസംബർ 21

മുതൽ 2020 ജനുവരി 3) വരെ നിശ്ചിത സ്ഥലം കരാറുകാരന് കൈമാറുന്നതാണ്.

14. അമ്യൂസ്മെന്റ് ഇനത്തിന്റെ പൂർണ്ണമായ സുരക്ഷിതത്വചുമതലയും വസ്തു വകകളുടെ സുരക്ഷിതത്വവും കരാറുകാരൻ ഉറപ്പു വരുത്തേണ്ടതാണ്.
15. അമ്യൂസ്മെന്റ് പാർക്ക് മേഖല തിരികെ കൈമാറുമ്പോൾ ഏറ്റുവാങ്ങുന്ന വസന്തോത്സവവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഏതെങ്കിലും നാശനഷ്ടം സംഭവിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയാൽ ആയതിനുള്ള പരിഹാരത്തുക കരാറുകാരൻ നൽകേണ്ടതാണ്. നൽകാത്തപക്ഷം വസന്തോത്സവ കമ്മിറ്റിയ്ക്ക് ടി തുക വസൂലാക്കാനുള്ള നിയമ നടപടികൾ സ്വീകരിക്കാൻ അധികാരമുണ്ടായിരിക്കും. സെക്യൂരിറ്റി ഡിപ്പോസിറ്റ് തുടങ്ങിയവ വസൂലാക്കാനുള്ള അധികാരം വസന്തോത്സവ കമ്മിറ്റിയ്ക്കുണ്ടായിരിക്കും.
16. അമ്യൂസ്മെന്റ് ഇനങ്ങൾ നടക്കുന്ന അവസരങ്ങളിൽ ഗ്രൗണ്ടും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ട ചുമതല കരാറുകാരന്റേതാണ്. അല്ലാത്ത പക്ഷം ഫൈൻ ഇനത്തിൽ പ്രതിദിനം 2,000/- രൂപ ഈടാക്കുന്നതാണ്.
17. കരാറുകാരന്റെ ഏതെങ്കലും തരത്തിലുള്ള കഷ്ടനഷ്ടങ്ങൾക്ക് വസന്തോത്സവ കമ്മിറ്റിക്കോ അതുമായി ബന്ധപ്പെട്ട വകുപ്പുകൾക്കോ യാതൊരുവിധ ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.
18. അമ്യൂസ്മെന്റ് ഇനങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ വൈദ്യുതി യുടെയും ജലത്തിന്റെയും ക്രമീകരണങ്ങൾ നടത്തേണ്ടതും വൈദ്യുത ഉപക രണങ്ങളുടെ സുരക്ഷ ഉറപ്പു വരുത്തേണ്ടതും കരാറുകാരന്റെ ഉത്തരവാ ദിത്വമാണ്.
19. വസന്തോത്സവ കമ്മിറ്റി ഔദ്യോഗിക ഭാരവാഹികൾക്കോ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കോ എല്ലാവിധ പരിശോധനകളും നടത്തുവാനുള്ള സൗകര്യങ്ങൾ കരാറുകാരൻ നൽകേണ്ടതാണ്.
20. അമ്യൂസ്മെന്റ് പാർക്ക് നടത്തിപ്പു രീതിയെക്കുറിച്ച് പരാതികൾ വസന്തോ ത്സവ കമ്മിറ്റിക്ക് ലഭിച്ചാൽ അന്വേഷണം നടത്തി പരാതിയിൽ കഴമ്പു ണ്ടെങ്കിൽ കരാർ ഉടമ്പടി റദ്ദു ചെയ്യുവാനുള്ള അധികാരം വസന്തോത്സവ കമ്മിറ്റിക്ക് ഉണ്ടായിരിക്കും.
21. കരാറുകാരനും ഉപഭോക്താക്കളും തമ്മിൽ എന്തെങ്കിലും കോടതി കേസുകൾ വരുന്ന പക്ഷം അത്തരം കേസുകളിൽ വസന്തോത്സവ കമ്മിറ്റിയ്ക്കോ ബന്ധ പ്പെട്ട് വകുപ്പുകൾക്കോ, സർക്കാരിനോ യാതൊരുവിധ ഉത്തരവാ ദിത്വമോ ബന്ധമോ ഉണ്ടാകുന്നതല്ല.
22. കരാറുകാരന്റെ ഒരു പ്രവർത്തിയും വസന്തോത്സവവുമായി ബന്ധപ്പെട്ട ഫുഡ് ഫെസ്റ്റിവലിനോ മറ്റ് പരിപാടികൾക്കോ യാതൊരു തടസ്സവും സൃഷ്ടി ക്കുവാൻ പാടുള്ളതല്ല. അല്ലാത്തപക്ഷം കരാർ റദ്ദ് ചെയ്യൽ ഉൾപ്പെടെ യുള്ള നടപടികൾ സ്വീകരിക്കുവാൻ വസന്തോത്സവ കമ്മിറ്റിയ്ക്ക് അധികാര മുണ്ട്.
23. കരാറുകാരൻ അമ്യൂസ്മെന്റ് ഇനങ്ങൾ നടത്തുന്നതിനായി നൽകുന്ന സ്ഥലത്ത് മറ്റ് വിനോദപരിപാടികൾ, ഗ്യാബ്ളിംഗ് തുടങ്ങിയവ നടത്തുവാൻ അനുവദിക്കുന്നതല്ല.
24. കരാറുകാരൻ അമ്യൂസ്മെന്റ് പാർക്കിൽ പുതുമയാർന്ന ഇനങ്ങൾ

ഉൾപ്പെടുത്തേണ്ട താണ്. ഏർപ്പെടുത്തുന്ന ഇനങ്ങളെ സംബന്ധിച്ച അന്തിമ തീരുമാനം ജനറൽ കൺവീനർ കൂടിയായ ടൂറിസം ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

25. വസന്തോത്സവ കമ്മറ്റി കനകക്കുന്നും സൂര്യകാന്തി പരിസരവും വസന്തോത്സവവുമായി ബന്ധപ്പെട്ട സ്ഥലത്തും പ്ലാസ്റ്റിക് അനുബന്ധ സാധനങ്ങളും പ്ലാസ്റ്റിക് വിമുക്ത മേഖലയായി ഇരിക്കുന്നതിനാൽ അമ്യൂസമെന്റ് പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട് യാതോരു തരത്തിലുമുള്ള പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ പ്രസ്തുത പരിസരത്ത് സൂക്ഷിക്കുവാനോ ഉപയോഗിക്കുവാനോ പാടുള്ളതല്ല. അപ്രകാരം സംഭവിച്ചാൽ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

## III നിരതദ്രവ്യം

പ്രസ്തുത ദർഘാസ് സമർപ്പിക്കുവാൻ രൂപ 25,000/- (രൂപ ഇരുപത്തി അയ്യായിരം മാത്രം) നിരതദ്രവ്യം ജനറൽ കൺവീനർ, വസന്തോത്സവം -2019 എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി നൽകണം.

ദർഘാസ് പ്രക്രീയ ഉറപ്പിച്ചതിനുശേഷം ലഭിക്കുന്നവർക്ക് നിശ്ചിത ദിവസങ്ങൾക്കകം നിരതദ്രവ്യം തിരികെ നൽകുന്നതാണ്. സമർപ്പിക്കുന്ന നിരതദ്രവ്യത്തിന് യാതൊരു പലിശയും ലഭിക്കുന്നതല്ല. തിരഞ്ഞെടുക്കുന്ന ദർഘാസുകാരന്റെ നിരതദ്രവ്യം കരാർ ഒപ്പിട്ട് തുകയടച്ചതിനുശേഷം 20 ദിവസത്തിനകം തിരികെ നൽകുന്നതാണ്. കരാറുകാരൻ നാശനഷ്ടങ്ങളോ വീഴ്ചകളോ വരുത്തുന്ന പക്ഷം നിരതദ്രവ്യം തുക ഉപാധികൾ ഇല്ലാതെ വസന്തോത്സവ കമ്മിറ്റി കണ്ടുകെട്ടുന്നതാണ്.

## IV ദർഘാസ് രീതി

| | | |
|---|---|---|
| അനുബന്ധം I | : | ദർഘാസ് നോട്ടീസ് |
| അനുബന്ധം II | : | ബയോഡേറ്റ ഫാം |
| അനുബന്ധംIII | : | സീൽഡ് ടെണ്ടർ ഫോം |

ദർഘാസിന്റെ ആദ്യവിഭാഗത്തിൽപെട്ട ദർഘാസ് വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുന്നു എന്നത് സാക്ഷ്യപ്പെടുത്തുന്നതിനായി ദർഘാസ് നോട്ടീസിന്റെ എല്ലാ പേജുകളിലും ഒപ്പും സീലും വച്ച് നൽകേണ്ടതാണ്. അതോടൊപ്പം അമ്യൂസ്മെന്റ് പാർക്ക് നടത്തുവാൻ ഉദ്ദേശിക്കുന്ന ആളിന്റെ/ സ്ഥാപനത്തിന്റെ പൂർണ്ണവിവരം ദർഘാസ് നോട്ടീസിനോടൊപ്പമുള്ള ബയോഡേറ്റ ഫോം (രണ്ടാം ഭാഗം) പൂരിപ്പിച്ച് തിരിച്ചറിയൽ സാക്ഷ്യപ്പെടുത്തുന്ന രേഖയുടെ (ഫോട്ടോയുള്ള) അറ്റസ്റ്റഡ് കോപ്പിയും നിരതദ്രവ്യ തുക ഡി.ഡിയായും മുൻപരിചയം ഉണ്ടെന്നു തെളിയിക്കുന്ന രേഖകളുടെ പകർപ്പുകൾ, ഫോട്ടോഗ്രാഫുകൾ ഉൾപ്പെടെ രേഖപ്പെടുത്തി നൽകണം. അമ്യൂസ്മെന്റ് പാർക്ക് നടത്തി മുൻപരിചയമുള്ളവരുടെ അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളു.

താല്പര്യമുള്ളവർക്ക് ദർഘാസ് തുക നിർദ്ദിഷ്ട ഫോറത്തിൽ (മൂന്നാം ഭാഗം) പൂരിപ്പിച്ച് അനുബന്ധം ക, കക ഉൾപ്പെടെ മുദ്രണം ചെയ്ത കവറിൽ സമർപ്പിക്കേണ്ടതാണ്. 2019 ഡിസംബർ 7 ഉച്ചയ്ക്ക് 2 മണിക്കകം കിട്ടുന്ന ദർഘാസുകൾ അന്നേ ദിവസം 3 മണിക്ക് തുറക്കുന്നതാണ്. ആവശ്യപ്പെട്ട രേഖകൾ സമർപ്പിച്ച ടെണ്ടർ മാത്രമെ പരിഗണിയ്ക്കുകയുള്ളു, രേഖകൾ പരിശോധിച്ച് യോഗ്യതയുള്ളവരെ തിരഞ്ഞെടുക്കുന്നതിനെ സംബന്ധിച്ചുള്ള നടപടിക്രമം ചീഫ് കോർഡിനേറ്റർ, വസന്തോത്സവ കമ്മിറ്റി നിശ്ചയിക്കുന്നതായിരിക്കും. ദർഘാസിൽ കൂടുതൽ തുക വാഗ്ദാനം ചെയ്തിരിക്കുന്ന വ്യക്തിയുടെ/ സ്ഥാപനത്തിന്റെ പേരിൽ കരാർ താല്കാലികമായി ഉറപ്പിക്കുന്നതാണ്.

പ്രസ്തുത ദിവസങ്ങളിൽ എന്തെങ്കിലും കാരണവശാൽ തിരുവനന്തപുരം ജില്ലയ്ക്ക് അവധിയോ മറ്റു തടസ്സങ്ങളോ ഉണ്ടാവുന്ന പക്ഷം ടെണ്ടർ അടുത്ത പ്രവർത്തി ദിവസം നിശ്ചിത സ്ഥലത്തും സമയത്തും വെച്ച് നടത്തുന്നതായിരിക്കും.

## V ദർഘാസ് സംഖ്യ

1. ദർഘാസിൽ വിജയിയാകുന്ന ദർഘാസുകാരൻ മൊത്തം ദർഘാസ് തുകയും പുറമേ GST ഉൾപ്പെടുന്ന തുക 2019 ഡിസംബ 9 –ാം തീയതി വൈകുന്നേരം 3 മണിയ്ക്ക് മുമ്പായി ജില്ലയിൽ മാറാവുന്ന ദേശസാൽകൃത ബാങ്കിൽ നിന്നും ജനൽ കൺവീനർ വസന്തോത്സവം എന്ന പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ഡി.റ്റി.പി.സി ഓഫീസിൽ / കനകക്കുന്ന് ഫെസ്റ്റിവൽ ആഫീസിൽ 9–ാം തീയതി 3 മണിക്ക് മുൻപായി എത്തിക്കേണ്ടതാണ്. ഇപ്രകാരം തുക അടയ്ക്കുവാനും കരാറിൽ ഏർപ്പെടാനും വീഴ്ച വരുത്തിയാൽ അയാൾ അടയ്ക്കുന്ന നിരതദ്രവ്യം പൂർണ്ണമായും വസന്തോത്സവ കമ്മിറ്റിയിലേയ്ക്ക് കണ്ടുകെട്ടുന്നതും അടുത്ത ഉയർന്ന തുക വാഗ്ദാനം ചെയ്ത ആളിന് ദർഘാസ് സ്ഥിരപ്പെടുത്തി കൊടുക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.
2. മൊത്തം ദർഘാസ് തുകയുടെ 10% വരുന്ന സംഖ്യ ജനറൽ കൺവീനർ, വസ്ന്തോത്സവം – 2019 എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി മുദ്രവച്ച കവറിൽ മറ്റ് രേഖകളോടൊപ്പം ഉൾക്കൊള്ളിച്ചി തിയ്ക്കേണ്ടതാണ്. മേൽപറഞ്ഞപ്രകാരം കരാറുകാരൻ വസന്തോത്സവ കമ്മിറ്റിയിലേയ്ക്ക് അടയ്ക്കാനുള്ള മുഴുവൻ സംഖ്യയും ഒടുക്കി കരാറിൽ ഏർപ്പെട്ട് വർക്ക് ഓർഡർ ലഭ്യമായതിനു ശേഷം മാത്രമേ കരാറുകാരനെ അമ്യൂസ്മെന്റ് ഇനങ്ങൾ സ്ഥാപിക്കുവാൻ അനുവദിക്കുകയുള്ളു. അങ്ങനെയുള്ള അംഗീകാരം കിട്ടുന്നതിന് മുമ്പ് സ്ഥലത്ത് പ്രവേശിക്കുന്നത് കയ്യേറ്റവുമായി കണക്കാക്കുന്നതും ആയതിന് എതിരെ നിയമപ്രകാരം പ്രോസിക്യൂഷൻ നടപടികൾ കൈക്കൊള്ളുന്നതുമായിരിക്കും.

3. ഒടുക്കാനുള്ള തുക പൂർണ്ണമായി ഒടുക്കിക്കഴിഞ്ഞാൽ മാത്രമേ അമ്യൂസ്മെന്റ് ഇനങ്ങൾ സ്ഥാപിക്കാനുള്ള അനുവാദം നൽകുകയുള്ളു. ഇങ്ങനെ നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയാൽ ടിയാന്റെ നഷ്ട ഉത്തരവാദിത്വത്തിൽ പുനർ നടപടി സ്വീകരിക്കുന്നതാണ്. ടെണ്ടർ സംഖ്യ അടയ്ക്കുവാൻ സമയപരിധി ഒരുകരണവശാലും ദീർഘിപ്പിക്കുന്നതല്ല.
4. ദർഘാസിൽ വിജയിക്കുന്നവർ 09.03.1976 ലെ കേരള സർക്കാർ ഗസറ്റിൽ പരസ്യപ്പെടുത്തിയ 09.02.1976 ലെ ജി.ഒ.ജി.62/76 എഡി നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ അനുസരിക്കേണ്ടതാണ്.

## VI പൊതുവ്യവസ്ഥകൾ

1. ദർഘാസിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർ ആയതിന് മുമ്പായി നിശ്ചിത സ്ഥലം നേരിൽ കണ്ട് ബോധ്യപ്പെടേണ്ടതാണ്. ദർഘാസ് നടപടികൾക്കു ശേഷം ആയത് സംബന്ധിച്ച് യാതൊരുവിധ പരാതികളും സ്വീകരിക്കുന്നതല്ല.
2. ദർഘാസ് സ്ഥിരപ്പെടുത്തൽ ഉത്തരവ് നൽകുന്നത് വസന്തോത്സവകമ്മറ്റി ആയിരിക്കും . ആയത് വസന്തോത്സവകമ്മറ്റി ജനറൽ കൺവീനർക്ക് യാതൊരു കാരണവും കൂടാതെ സ്ഥിരപ്പെടുത്താതിരിക്കാനും അധികാരമുണ്ടായിരിക്കും.
3. ദർഘാസ് നടത്തുന്നത് സംബന്ധിച്ച് ഏതെങ്കിലും വ്യവസ്ഥകളുടെ വ്യഖ്യാനം സംബന്ധിച്ചോ വല്ല പരാതികളും ഉത്ഭവിക്കുകയാണെങ്കിൽ ആയതിന് ജനറൽ കൺവീനർ, വസന്തോത്സവ കമ്മറ്റി & ടൂറിസം ഡയറക്ടർക്ക് പരാതി നൽകാവുന്നതും അദ്ദഹത്തിന്റെ തീരുമാനം അന്തിമവുമായിരിക്കും.
4. കരാറുകാരൻ അഗ്നി പ്രതിരോധ പ്രവൃത്തി സ്വന്തം ചെലവിൽ ചെയ്യേണ്ടതാണ്. തീ മൂലമോ മറ്റ് വിധത്തിലോ സൂര്യകാന്തി പരിസരപ്രദേശത്ത് വല്ല നഷ്ടവും നേരിട്ടാൽ ആയതിന് യാതൊരുവിധ നഷ്ടപരിഹാരത്തിനും കരാറുകാരന് അവകാശം ഉണ്ടായിരിക്കുന്നതുമല്ല. മിറച്ച് സർക്കാരിന് /വസന്തോത്സവ കമ്മറ്റിക്ക് ഉണ്ടാകുന്ന നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്.
5. കരാർ സ്ഥിരപ്പെടുത്തുന്ന കരാറുകാരന് അമ്യുസ്മെന്റ് പാർക്ക് നടത്തിപ്പ് അവകാശം വസന്തോത്സവം കമ്മിറ്റി നിശ്ചയിക്കുന്ന ദിവസങ്ങളിൽ മാത്രമായിരിക്കും.
6. അമ്യുസ്മെന്റ് പാർക്കിലോ പരിസരത്തോ നടത്തുന്ന ഡിപ്പാർട്ട്മെന്റ് ജോലികൾ തടയുന്നതിനോ തടസ്സപ്പെടുത്തുന്നതിനോ കരാറുകാരന് അവകാശമുണ്ടായിരിക്കുന്നതല്ല.
7. കരാറിന്റെ കാലാവധിയ്ക്ക് ശേഷമോ കരാർ റദ്ദ് ചെയ്ത ശേഷമോ കരാർ സ്ഥലത്ത് അമ്യുസ്മെന്റ് പാർക്ക് പ്രവർത്തിപ്പിക്കുന്നതിന് കരാറുകാരന് അവകാശമുണ്ടായിരിക്കുന്നതല്ല.
8. ഏതെങ്കിലും കാരണവശാൽ കരാർ റദ്ദാക്കി വരുമ്പോൾ മുകളിൽ വിവരിച്ച പ്രകാരമുള്ള പിഴകൾക്ക് പുറമെ കരാറുകാരൻ കരാർ റദ്ദ് ചെയ്ത തീയതിക്ക് ശേഷം നീക്കം ചെയ്യാത്ത സ്ഥലത്തു കിടക്കുന്നതുമായ എല്ലാ ഉൽപ്പന്നങ്ങളും കസ്റ്റഡിയിലെടുത്ത വസന്തോത്സവം കമ്മിറ്റിയിലേക്ക് മുതൽ കൂട്ടുന്നതും ആയതിന്മേൽ കരാറുകാരന് യാതൊരു വിധ നഷ്ടപരിഹാരത്തിനും കണ്ടുകെട്ടിയ ഉൽപ്പന്നങ്ങൾ വിട്ടു കിട്ടുന്ന തുകയ്ക്കോ അർഹതയും ഉണ്ടായിരിക്കുന്നതല്ല
9. കരാറുകാരന് സെക്യൂരിറ്റി ഡെപ്പോസിറ്റ് മടക്കി കിട്ടുന്നതിന് കരാർ കാലയളവ് അവസാനിച്ച് 30 ദിവസത്തിനു ശേഷം ചീഫ് കോർഡിനേറ്റർ, വസന്തോത്സവ കമ്മിറ്റിയ്ക്ക് ലിഖിതമായി അപേക്ഷിക്കേണ്ടതാണ്.

10. കരാറുകാരനിൽ നിന്നും ഈടാക്കാനുള്ള എല്ലാ തുകയും അങ്ങനെയുള്ള കേസുകളിൽ ടെണ്ടർ നോട്ടിസിലെയോ ഒപ്പിട്ടിട്ടുള്ള കരാറുകൾക്ക് വിധേയമായി കരാറുകാരൻ അടച്ചിട്ടില്ലെങ്കിൽ നിലവിലുള്ള റവന്യു റിക്കവറി നിയമപ്രകാരം ഭൂമി നികുതി കുടിശ്ശികയായി കണക്കാക്കി കരാറുകാരനിൽ നിന്നും ഈടാക്കുന്ന തായിരിക്കും.
11. വസന്തോത്സവ കമ്മിറ്റി താൽപ്പര്യം സംരക്ഷിക്കുന്നതിനായി ദർഘാസ് നിബന്ധന കളിൽ കൂടുതൽ ഭേദഗതികൾ കരാറിൽ ഉൾപ്പെടുത്തുന്നതിനും വസന്തോത്സവ കമ്മിറ്റിയ്ക്ക് അധികാരമുണ്ടായിരിക്കും.
12. ദർഘാസ് നടത്തിപ്പുമായി സംബന്ധിച്ച് വസന്തോത്സവ കമ്മിറ്റി രേഖാമൂലം നൽകുന്ന നിർദ്ദേശങ്ങൾ കരാറുകാരൻ പൂർണ്ണമായും പാലിക്കേണ്ടതാണ്. മറിച്ചു പ്രവർത്തിക്കുന്ന പക്ഷം കരാർ റദ്ദ് ചെയ്ത് കരാറുകാരെന്റെ നഷ്ടോത്തര വാദിത്വത്തിൽ വസന്തോത്സവ കമ്മിറ്റിയുടെ തീരുമാനപ്രകാരവും നടത്തുന്നതും ആയതിൽ വച്ച് വസന്തോത്സവ കമ്മിറ്റിയ്ക്ക് ഉണ്ടാകുന്ന നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കുന്നതുമാണ്
13. കരാർ സംബന്ധിച്ച് വസന്തോത്സവ കമ്മിറ്റിയും കരാറുകാരനും തമ്മിൽ എന്തെങ്കിലും തർക്കങ്ങൾ ഉണ്ടാകുകയാണെങ്കിൽ ആയതിന്റെ തർക്കം സംബന്ധിച്ച് വസന്തോത്സവ കമ്മിറ്റി ആയിരിക്കും തീരുമാനം എടുക്കുന്നത്.
14. കരാർ സംബന്ധിച്ച് എന്തെങ്കിലും കേസുകൾ ഉണ്ടാകുകയാണെങ്കിൽ അത്തരം കേസുകൾ തിരുവനന്തപുരം ജില്ലയുടെ കോടതിയുടെ പരിധിയിലും കേരള ഹൈക്കോടതിയുടെ പരിധിയിലും മാത്രം നിലനിൽക്കുന്നതായിരിക്കും.
15. ഈ കരാറിനെ സംബന്ധിച്ച എന്ത് സംശയം ഉണ്ടെങ്കിലും അവ നേരത്തെ രേഖാമൂലം വസന്തോത്സവ കമ്മിറ്റി മുൻപാകെ സമർപ്പിച്ച് അവയ്ക്ക് രേഖാമൂലം മറുപടി ലഭ്യമാക്കേണ്ടതാണ്. മറ്റൊരു തരത്തിലും ഉള്ള നിഗമനങ്ങൾക്കും പ്രസക്തി ഉണ്ടാവുകയോ അതുവഴി അവകാശം ഉണ്ടാവുകയോ ഇല്ല.

മേൽ വിവരിച്ചിട്ടുള്ള എല്ലാ നിബന്ധനകളും ഞാൻ പൂർണ്ണമായും മനസ്സിലാക്കി അവ പൂർണ്ണമായും അംഗീകരിക്കുകയും പാലിക്കാമെന്ന് ഉറപ്പ് നൽകുകയും ചെയ്യുന്നു.

വിശ്വസ്തതയോടെ

ഒപ്പ്:

പേര്:

സീൽ:

തീയതി

## അനുബന്ധം II

## വസന്തോത്സവം – 2019 – 2020

കനക്കുന്ന് സൂര്യകാന്തിയിൽ 2019 ഡിസംബർ 21 മുതൽ 2020 ജനുവരി 3 വരെ സംഘടിപ്പിക്കുന്ന വസന്തോത്സവത്തിൽ കുട്ടികൾക്കായി അമ്യൂസ്മെന്റ് ഇനങ്ങൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന്റെ

**ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ/ സ്ഥാപനത്തിന്റെ വിവരങ്ങൾ**

1. അപേക്ഷകന്റെ / സ്ഥാപനത്തിന്റെ പേര് :
2. വയസ്സ് / സ്ഥാപനം രൂപീകരിച്ച വർഷം. :
3. മേൽ വിലാസം (സ്ഥിരം) :

4. മേൽ വിലാസം (താൽക്കാലികം) :

5. ഫോൺ നമ്പർ/ മൊബൈൽ :

6. രജിസ്ട്രേഷൻ/ തിരിച്ചറിയൽ ഫോട്ടോടുടെ വിശദാംശങ്ങൾ. :
7. നിരതദ്രവ്യത്തിന്റെ വിവരണം. :

8.പ്രവൃത്തി പരിചയത്തിന്റെ വിവരങ്ങൾ.
(തെളിവിനായി രേഖകളുടെ പകർപ്പ് വയ്ക്കേണ്ടതാണ്)

ഒപ്പ് :
പേര് :
സീൽ :

തീയതി.

**ആവശ്യം വേണ്ട രേഖകൾ**

1. തിരിച്ചറിയൽ ഫോട്ടോ.
2. പ്രവൃത്തി പരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
3. തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്,
4. സെക്യൂരിറ്റി ഡെപ്പോസിറ്റിന്റെ ഡിമാന്റ് ഡ്രാഫ്റ്റ്

**<u>അനുബന്ധം III</u>**

## വസന്തോത്സവം – 2019 – 2020
## ടെണ്ടർ ഫോം

1. അപേക്ഷകന്റെ / സ്ഥാപനത്തിന്റെ പേര് :
2. വയസ്സ് / സ്ഥാപനം രൂപീകരിച്ച വർഷം. :
3. മേൽ വിലാസം (സ്ഥിരം) :
4. മേൽ വിലാസം (താൽക്കാലികം) :
5. ഫോൺ നമ്പർ/ മൊബൈൽ :
6. ഇ–മെയിൽ :

കനകക്കുന്ന് സൂര്യകാന്തി 2019 ഡിസംബർ 21 മുതൽ 2020 ജനുവരി 3–ാം തീയതി വരെ സംഘടിപ്പിക്കുന്ന അമ്യൂസ്മെന്റിന്റെ ഇനങ്ങൾ നടത്തിപ്പ് ചുമതല ദർഘാസ് രേഖപ്പെടുത്തിയിരിക്കുന്ന എല്ലാ വ്യവസ്ഥകളും അംഗീകരിച്ചുകൊണ്ട് .(കരാറുകാരന്റെപേര്) എന്ന ഞാൻ രൂപ./ രൂപ മാത്രം നൽകി എടുക്കാൻ തയ്യാറാണ്. നിയമപ്രകാരമുള്ള ജി.എസ്.ടി മേൽ തുകയ്ക്ക് പുറമെ അടച്ച് കൊള്ളാമെന്ന് ഞാൻ സമ്മതിച്ചുകൊള്ളുന്നു.

ഒപ്പ് :

പേര് :

സീൽ :

തീയതി